Lalith Babu

**വിവരം എന്ത് ആവശ്യത്തിനാണ് ചോദിക്കുന്നതെന്ന് വെളിപ്പെടുത്താനുള്ള ബാധ്യത അപേക്ഷക നില്ല. വിവരം എന്ത് ആവശ്യത്തിനാണ് ചോദിക്കുന്നതെന്ന് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അപേക്ഷകനോട് ചോദിക്കാനും പാടില്ല**

വിവരാവകാശ നിയമപ്രകാരം നൽകപ്പെടുന്ന അപേക്ഷകളിൽ അത്തരം അപേക്ഷകർ ആവശ്യപ്പെടുന്ന വിവരങ്ങൾ ലഭിക്കുവാനുള്ള അർഹതയും ആവശ്യകതയും, ബന്ധപ്പെട്ട പബ്ലിക് ഇൻഫർമേഷൻ ആഫീസർ പരിശോധിക്കേണ്ടതില്ലാ എന്ന് വിവരാവകാശ നിയമത്തിന്റെ 6(2) വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കാര്യം രണ്ടാം എതിർകക്ഷിയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ കമ്മീഷൻ ആഗ്രഹിക്കുന്നു. മൂന്നു വർഷത്തെ വിവരം മാത്രമാണ് അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് എന്നതും അത്തരം വിവരങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററുകളിൽ നിന്നും നൽകാനാവുന്നതാണെന്നും കമ്മീഷൻ വിലയിരുത്തുന്നു.

മേൽ പറഞ്ഞ സാഹചര്യത്തിൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട 1,3 ചോദ്യങ്ങളുടെ മറുപടികൾ നൽകുവാൻ ബന്ധപ്പെട്ട രജിസ്റ്ററുകളിൽ ലഭ്യമായ വിവരങ്ങൾ ഈ ഉത്തരവ് ലഭിച്ച് 15 ദിവസങ്ങൾക്കകം സൗജന്യമായി അപ്പീൽ ഹർജിക്കാരന് അയച്ചുകൊടുക്കേണ്ടതാണെന്നു കമ്മീഷൻ തീരുമാനിക്കുന്നു. ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 20/7/2011 തീയതി തീർപ്പാക്കികൊണ്ട് ഉത്തരവാകുന്നു.